# നിയമവും (Act) ചട്ടവും (Rules)

Lalith Babu

ആക്ടും റൂളും ചിലർ ഒരേ അർത്ഥത്തിൽ കണക്കാക്കാറുണ്ട്. എന്നാൽ ഇതു രണ്ടു രണ്ടാണ്. പാർലമെന്റോ അല്ലെങ്കിൽ നിയമസഭയോ ആണ് ആക്ട് നിർമ്മിക്കുന്നത്. പാർലമെന്റ് ആക്ട് നിർമ്മിക്കുമ്പോൾ അതിനെ സെൻട്രൽ ആക്ട് എന്നും നിയമസഭ നിർമ്മിക്കുമ്പോൾ ആക്ടിനെ സ്റ്റേറ്റ് ആക്ട് എന്നും പറയുന്നു. ഇപ്രകാരം നിയമ നിർമാണം നടത്തുമ്പോൾ ഈ നിയമം പ്രായോഗിക തലത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ സൌകര്യത്തിനായി ബന്ധപ്പെട്ടവർക്ക് ചട്ടങ്ങൾ (Rules) ഉണ്ടാക്കാവുന്നതാണെന്നു ആക്ടിൽ തന്നെ വ്യവസ്ഥ ചെയ്തിരിക്കും. ഈ വ്യവസ്ഥ പ്രകാരം ലഭിക്കുന്ന അധികാരമുപയോഗിച്ച് ബന്ധപ്പെട്ട അധികാരികൾ ചട്ടങ്ങൾ ഉണ്ടാക്കുന്നു. ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി പ്രാവർത്തികമാക്കുന്നതിന് വേണ്ടി മാത്രമാണ് ചട്ടങ്ങൾ (Rules) ഉണ്ടാക്കുന്നത്.

**ഉദാഹരണം** :- വിവരാവകാശ നിയമത്തിലെ വകുപ്പ് **27**(1) പ്രകാരം The appropriate Government നു ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നൽകുന്നുണ്ട് :

**Section 27** (1):

" The appropriate Government may, by notification in the Official Gazette, make rules to carry out the provisions of this Act. "

വിവരാവകാശ ആക്ടിലെ വകുപ്പ് **27**(1) നൽകുന്ന ഈ അധികാര പ്രകാരം കേരള സർക്കാർ നിർമ്മിച്ചതാണ് താഴെ പറയുന്ന റൂൾ.

## GOVERNMENT OF KERALA

**GENERAL ADMINISTRATION (CO-ORDINATION)DEPT.**

**NOTIFICATION**

**No.11259/Cdn. 5/06/GAD, Dated, Thiruvananthapuram, 9th May 2006**

**S.R.O.385/2006 - In excercise of the powers conferred by subsection (1) and clauses (b) and (c) of sub-section (2) of section 27 of the Right to information Act,2005 (Central Act 22 of 2005), the Government of Kerala hereby make the following Rules, namely:-**

**THE KERALA RIGHT TO INFORMATION (REGULATION OF FEE AND COST) RULES**

ചട്ടങ്ങളുടെ ലക്ഷ്യം ആക്ടിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുക എന്നതാണെങ്കിലും ചില ചട്ടങ്ങൾ അതിന്റെ അടിസ്ഥാന ഘടകമായ ആക്ടിന്റെ പതിന്മടങ്ങ് വലുപ്പത്തിലേക്ക് വളർന്നു പന്തലിക്കാറുണ്ട്

ഉദാ:- **Kerala Education Act** വെറും 19 പേജുകളിൽ ഒതുങ്ങി നിൽക്കുമ്പോൾ അതിന്റെ ചട്ടമായ **Kerala Education Rules (KER)** 200 ലേറെ പേജുകളിലായി വ്യാപിച്ചുകിടക്കുന്നു. കൂടാതെ 90 ലേറെ പേജുകളിലായി ഫോറങ്ങൾ വേറെയുമുണ്ട്